പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .840** 30.01.2019 ൽ മറുപടിയ്ക്ക്

**വനസംരക്ഷണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ . പി.കെ.അബ്ദു റബ്ബ്**<br>**" കെ. എം. ഷാജി**<br>**"പാറയ്ക്കൽ അബ്ദുള്ള**<br>**" എൻ. എ. നെല്ലിക്കുന്ന്** | | അഡ്വ .കെ.രാജു<br>(ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) | വനസംരക്ഷണത്തിനായി വനാതിർത്തികൾ വേർതിരിക്കുന്നതിനുള്ള സർവ്വേ നടത്തിയിട്ടുണ്ടോ; | (എ) | വന സംരക്ഷണത്തിനായി വനാതിർത്തികൾ വേർതിരിക്കുന്നതിനുള്ള സർവ്വേ നടത്തിയിട്ടുണ്ട്. ചിലയിടങ്ങളിൽ ടി സർവ്വേ പൂർത്തിയായിട്ടില്ല. |
| (ബി) | വനം കയ്യേറ്റം ഒഴിവാക്കുന്നതിനായി വനാതിർത്തി വേർതിരിക്കുന്നതിന് സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ; | (ബി) | അതിർത്തി വേർതിരിക്കുന്നതിന്റെ ഭാഗമായി 2016-17 ൽ 12500 ജണ്ടകൾ നിർമ്മിച്ചു. 2017-18 വർഷത്തിൽ ഉദ്ദേശം 680 കി.മീ. അതിർത്തിയിൽ 14416 ജണ്ടകൾ നിർമ്മിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലും ഉദ്ദേശം 15,000 ജണ്ടകൾ (ഉദ്ദേശം 700 കി.മീ. വനാതിർത്തി) നിർമ്മിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വനാതിർത്തികൾ വേർതിരിക്കുന്ന ശ്രമകരമായ ജോലിക്കായി സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെ സേവനം ആവശ്യത്തിന് ലഭ്യമല്ലാത്തതിലൂടെ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിലേയ്ക്കായി വനം വകുപ്പിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ / സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവരെ 30 പേർ വീതം അടങ്ങുന്ന വിവിധ ബാച്ചുകളായി സർക്കാർ അധീനതയിലുള്ള മോഡേൺ ഗവൺമെൻറ് റിസർച്ച് & ട്രെയിനിംഗ് സെൻറർ ഫോർ സർവ്വേയിൽ ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ എന്നിവയിൽ പരിശീലനം നൽകി അവരുടെ സേവനം വനാതിർത്തി നിർണ്ണയത്തിന് ഉപയോഗപ്പെടുത്തി വരുന്നു. നാളിതുവരെ 6 ബാച്ചിലായി 180 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് പരിശീലനം നൽകിയിട്ടുള്ളതും 30 പേരടങ്ങുന്ന 7-ാമത് ബാച്ചിന്റെ പരിശീലനം |

| | | | |
|---|---|---|---|
| | | | നടന്നുവരുന്നതുമാണ്. 30 പേരുടെ 8-ാമത് ബാച്ചിന്റെ പരിശീലനം 2019 മാർച്ചിൽ തുടങ്ങാമെന്ന് പ്രതീക്ഷിക്കുന്നു.<br>കൂടാതെ 04.04.2016-ലെ G.O(P)No.290/16/RD പ്രകാരം കേരള സർവ്വെ & ബൗണ്ടറീസ് റൂൾസ് - 1964, റൂൾ - 101 ഷെഡ്യൂളിൽ വേണ്ട ഭേദഗതി വരുത്തി ചെയിൻ സർവ്വെ, ഹയർ സർവ്വെ, മോഡേൺ സർവ്വെ പാസ്സായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരെ അംഗീകൃത സർവ്വേയർമാരായി കണക്കാക്കി കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | നശിച്ചുപോയ വനത്തിന് പകരം വനം വെച്ചു പിടിപ്പിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ? | (സി) | 1980 ലെ കേന്ദ്രവന (സംരക്ഷണ) നിയമത്തിൻ കീഴിൽ കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി വനേതര ആവശ്യങ്ങൾക്കായി വനഭൂമി ഉപയോഗിക്കുന്ന കേസുകളിൽ, തുല്യ വിസ്തൃതിയിലുള്ള ഭൂമി അതാത് യൂസർ ഏജൻസികൾ പരിഹാരവനവൽക്കരണത്തിനായി നൽകേണ്ടതുണ്ട്. ഇപ്രകാരമുള്ള കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ഭൂമികളിൽ, പരിഹാരവനവൽക്കരണം ചെയ്തുവരുന്നതും ആയതിനുള്ള ചിലവ് യൂസർ ഏജൻസിതന്നെ മുൻകൂറായി അടച്ചുവരുന്നതുമാണ്. പരിഹാരവനവൽക്കരണത്തിന് ഭൂമി ലഭ്യമാകാതെ വരുന്ന സംഗതിയിൽ, ഇരട്ടി വിസ്തൃതിക്ക് ശുഷ്കവനങ്ങളിൽ പരിഹാരവനവൽക്കരണം നടത്തുന്നതുമാണ്. ആയതിനുള്ള ചിലവും യൂസർ ഏജൻസിയിൽ നിന്നും മുൻകൂറായിത്തന്നെ ഈടാക്കിവരുന്നതുമാണ്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ